## ചോദ്യോത്തരം

**മുജീബ്**

# ഇറാനിലെ വധശിക്ഷ

■ സമകാലിക മലയാളം *വാരികയിൽ ആഗസ്റ്റ് 31-ന് വന്ന ഒരു ലേഖനത്തിൽനിന്ന്:*

*"ദയാരഹിതമായ രീതിയിൽ വധശിക്ഷകൾ നടത്തി മുന്നേറുകയാണ് അഹ്മദി നജാദിന്റെ ഇറാൻ ഭരണകൂടം. ആംനസ്റ്റി ഇന്റർനാഷ്നലിന്റെ കണക്കനുസരിച്ച് ലോകത്ത് ഏറ്റവും കൂടുതൽ വധശിക്ഷ നൽകുന്ന രാജ്യമാണ് ഇറാൻ..... പ്രായ ലിംഗ ഭേദമന്യേ 177 പേരെയാണ് വധശിക്ഷക്ക് കഴിഞ്ഞ വർഷം ഇരയാക്കിയത്. ഈ വർഷം പകുതിയിൽ 124 പേരെ കൊന്നതായി ആംനസ്റ്റി ഇന്റർനാഷ്നൽ. കൊലപാതകം, ബലാത്സംഗം, വേശ്യാവൃത്തി, സ്വവർഗരതി, രാജ്യദ്രോഹം, മയക്കുമരുന്ന് കള്ളക്കടത്ത് എന്നിങ്ങനെയുള്ള കുറ്റങ്ങൾ ചുമത്തിയാണ് വധശിക്ഷ."*

*ഇസ്‌ലാമിക വിപ്ലവം നടന്ന ഇറാനിൽ ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതിൽ ഇസ്‌ലാമിക വീക്ഷണത്തിൽ എന്ത് ന്യായീകരണമാണുള്ളത്?*

***സി.എസ് അനിൽ കുമാർ, എളനാട്, തൃശൂർ***

**ആം**നസ്റ്റി ഇന്റർനാഷ്നൽ വധശിക്ഷക്കെതിരാണ്. ഏതു ഭീകര കൊലപാതകിക്കും മരണശിക്ഷ നൽകിക്കൂടെന്ന കാഴ്ചപ്പാടാണ് വധശിക്ഷാ വിരോധികളുടേത്. ഇസ്‌ലാം ഈ സിദ്ധാന്തത്തെ നിരാകരിക്കുന്നു. ചിലതരം ക്രിമിനലുകളിൽനിന്ന് സമൂഹത്തിന് രക്ഷ വേണമെങ്കിൽ അവരുടെ ജീവിതം അവസാനിപ്പിച്ചേ മതിയാവൂ. 'കൊലപാതകിയുടെ വധശിക്ഷയിൽ ജീവിതമുണ്ട്' എന്നാണ് വിശുദ്ധ ഖുർആന്റെ ഭാഷ്യം. രണ്ട് വിധത്തിലാണ് ജീവിതമുണ്ടാവുന്നത്: ഒന്ന്, അന്യന്റെ ജീവൻ എടുക്കുന്നവരുടെ ഉന്മൂലനം മൂലം ജീവിച്ചിരിക്കുന്നവർക്ക് ലഭ്യമാവുന്ന സുരക്ഷ. രണ്ട്, തന്റെ ജീവൻ നഷ്ടപ്പെടുമെന്നോർത്ത് കുറ്റവാളി ഭീകരകൃത്യങ്ങളിൽനിന്ന് മാറി നിൽക്കുന്നതിലൂടെ ലഭിക്കുന്നതും. അന്യായമായ കൊല, രാജ്യദ്രോഹം, കലാപം, ലൈംഗികാതിക്രമം പോലുള്ള കുറ്റകൃത്യങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടാൽ ഇസ്‌ലാമിക കോടതികൾ വധശിക്ഷ വിധിക്കും. സാഹചര്യത്തെളിവുകളോ സംശയാസ്പദമായ തെളിവുകളോ വധശിക്ഷക്ക് കോടതി പരിഗണിക്കുകയില്ല. വ്യഭിചാരമാണെങ്കിൽ വിശ്വാസ്യരായ നാല് ദൃക്സാക്ഷികൾ സംഭവത്തിനുണ്ടാവണം. അല്ലെങ്കിൽ പ്രതി സ്വമേധയാ കുറ്റം സമ്മതിക്കണം. മനുഷ്യാവകാശലംഘകരായ ക്രിമിനലുകളിൽനിന്ന് സമൂഹത്തിന് നൽകുന്ന രക്ഷ മനുഷ്യാവകാശലംഘനമായി കണ്ടുകൂടാ. ഇറാനിൽ നടക്കുന്നതൊക്കെ തീർത്തും നീതിപൂർവമാണെന്ന് പറയാനാവില്ല.

## താൽക്കാലിക വിവാഹം

■ *"ചുരുങ്ങിയ കാലത്തേക്കുള്ള വിവാഹങ്ങൾ- മുത്അത്- നിരോധിച്ചത് ഉമറുൽ ഫാറൂഖാണ്. ആദ്യകാലത്ത് അത് അനുവദിക്കപ്പെട്ടിരുന്നു. എങ്കിലും ഉമറുബ്നുൽ ഖത്ത്വാബ് മുത്അത് വിവാഹം കർക്കശമായി നിരോധിച്ചു"* (ഫാറൂഖ് ഉമർ പേജ് 305, *ആറാം എഡിഷൻ 2004).*

*സലമത്തുബ്നുൽ അക്‌വഇ(റ)ൽനിന്ന്: നബി(സ) ഔത്വാസ് യുദ്ധം നടന്ന വർഷത്തിൽ മൂന്ന് ദിവസത്തേക്ക് മാത്രം മുത്അത് വിവാഹത്തിന്റെ കാര്യത്തിൽ ഇളവ് അനുവദിച്ചു. പിന്നീട് അത് നിരോധിക്കുകയും ചെയ്തു (മുസ്‌ലിം). അലി(റ)യിൽനിന്ന് നിവേദനം: ഖൈബർ യുദ്ധം നടന്ന വർഷത്തിലാണ് നബി(സ) മുത്അത് വിവാഹം നിരോധിച്ചത് (ബുഖാരി, മുസ്‌ലിം- ബുലൂഗുൽ മറാം, കിതാബ് നികാഹ്). ഈ പ്രസ്താവനകളിലൂടെ ഉടലെടുത്ത ആശയക്കുഴപ്പം എങ്ങനെ പരിഹരിക്കാം?*

***എം. റശാദ് വേളം***

**അറ**ബികൾക്കിടയിൽ നിലവിലിരുന്ന സമ്പ്രദായമാണ് മുത്അഃ അഥവാ ഒരു ദിവസത്തേക്കോ ആഴ്ചകളിലേക്കോ വർഷത്തേക്കോ സമയപരിധി നിശ്ചയിച്ചുള്ള വിവാഹം. നബി(സ) അത്തരം വിവാഹങ്ങൾക്ക് നിയന്ത്രണവും ഒടുവിൽ നിരോധവും ഏർപ്പെടുത്തി. മഹർ നൽകണമെന്നും വിവാഹബന്ധത്തിലൂടെ ജനിക്കുന്ന മക്കളെ പിതാവിലേക്ക് ചേർക്കണമെന്നും നിഷ്കർഷിച്ചതായിരുന്നു നിയന്ത്രണം. ഖൈബർ യുദ്ധദിവസം നബി(സ) മുത്അയും നാടൻ കഴുതകളുടെ മാംസവും നിരോധിച്ചതായി അലി(റ) റിപ്പോർട്ട് ചെയ്യുന്നു (മുസ്‌ലിം). മക്കാ വിജയദിവസം മുത്അക്ക് നബി(സ) താൽക്കാലികമായി അനുവദിച്ച ഇളവ് സ്വഹാബിമാർ മക്ക വിടുന്നതിന് മുമ്പുതന്നെ റദ്ദാക്കിയതായി സബ്റതുൽ ജുഹനി(റ)യുടെ ഹദീസിലും കാണാം (മുസ്‌ലിം). എങ്കിലും ഈ നിരോധത്തെപ്പറ്റി വ്യക്തമായ അറിവ് ലഭിക്കാതിരുന്നതു മൂലമാവാം അപൂർവം ആളുകൾ പിൽക്കാലത്തും താൽക്കാലിക വിവാഹം അനുവദനീയമാണെന്ന് കരുതിയിരുന്നു. അവരെക്കൂടി ഉദ്ദേശിച്ചാണ് ഉമർ(റ) ഖലീഫയായിരിക്കെ മുത്അഃ കർക്കശമായി നിരോധിച്ചത്. മുത്അഃ തീർത്തും അസാധുവാണെന്നാണ് മുഴുവൻ സുന്നീ മദ്ഹബുകളുടെയും ഏകകണ്ഠമായ തീരുമാനം. ഇമാമിയ്യ വിഭാഗക്കാരായ ശീഈകൾ മാത്രം അത് അനുവദനീയമാണെന്ന് ഇപ്പോഴും കരുതുന്നു (വിശദപഠനത്തിന് സയ്യിദ് സാബിഖിന്റെ *ഫിഖ്ഹുസ്സുന്ന*യിലെ വിവാഹത്തെക്കുറിച്ച അധ്യായം നോക്കുക).

## ത്വലാഖിലെ അനുരഞ്ജനം

■ *അനുരഞ്ജനശ്രമങ്ങൾ നടത്താതെയും ന്യായമായ കാരണങ്ങളില്ലാതെയുമുള്ള ത്വലാഖ് (വിവാഹബന്ധം വേർപെടുത്തൽ) മുസ്‌ലിംനിയമത്തിന് എതിരാണെന്ന മലപ്പുറം കുടുംബകോടതിയുടെ കണ്ടെത്തൽ ശരീഅത്ത് നിയമങ്ങൾക്ക് നിരക്കുന്നതല്ലെന്ന് സമസ്ത ഇ.കെ വിഭാഗം നേതാക്കൾ പത്രക്കുറിപ്പിൽ അഭിപ്രായപ്പെട്ടു (മാധ്യമം 29.7.'07). മുജീബ് എന്തു പറയുന്നു?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

**ഭാ**ര്യാഭർത്താക്കന്മാർ പിണങ്ങിയാൽ ഇരുപക്ഷത്തുനിന്നുമുള്ള മാധ്യസ്ഥരെ നിയോഗിച്ച് അനുരഞ്ജനത്തിന് ശ്രമിക്കണമെന്നത് ഖുർആന്റെ വ്യക്തമായ നിർദേശമാണ് (4:35). എന്നാൽ ഇത്തരം ശാസനകളെ കേവലം ധാർമികോപദേശങ്ങളായി മാത്രം വീക്ഷിക്കുന്ന കർമശാസ്ത്ര മദ്ഹബുകൾ അതിന് നിയമപ്രാബല്യം നൽകുന്നില്ല. അതാണ് ശാഫിഈ കർമശാസ്ത്ര പണ്ഡിതന്മാർ നയിക്കുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ അഭിപ്രായപ്രകടനത്തിനാധാരം. അനാവശ്യവും അനവസരത്തിലുള്ളതുമായ വിവാഹമോചനങ്ങളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ അല്ലാഹുവിന് ഏറ്റവും ക്രോധകരമെന്ന് നബി(സ) വിധിയെഴുതിയ ത്വലാഖിനെ നിയന്ത്രിക്കുന്നതിനും ഖുർആൻ ഊന്നിപ്പറഞ്ഞ നീതി സ്ത്രീകൾക്ക് ലഭ്യമാകുന്നതിനും ഖുർആനികാധ്യാപനങ്ങളുടെ തന്നെ ചൈതന്യം കണക്കിലെടുത്ത് നിലവിലെ മുസ്‌ലിം

വ്യക്തിനിയമ പരിഷ്കാരം പ്രസക്തവും പ്രധാനവുമാണ്. ആ വഴിക്കുള്ള ചിന്തക്ക് പ്രേരണയാവേണ്ടതാണ് മലപ്പുറത്തെ കോടതിവിധി. ആത്മാവ് നഷ്ടപ്പെട്ട നിയമങ്ങളുടെ ചട്ടക്കൂട്ടിൽനിന്ന് പുറത്തുകടക്കാൻ നമ്മുടെ മതപണ്ഡിതന്മാർ ധൈര്യപ്പെട്ടാലേ ഇസ്‌ലാം ആവശ്യപ്പെടുന്ന സാമൂഹികനീതി പുലരൂ. അല്ലെങ്കിൽ എല്ലാവരും ആശങ്കിക്കുന്ന ഏക സിവിൽ കോഡിലാണ് സംഗതികൾ കലാശിക്കുക.

## സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണം അധ്യാപകർക്ക്!

■ *1985 ഡിസംബർ മുതൽ കേരളത്തിലെ സ്കൂൾ കുട്ടികൾക്കായി സർക്കാർ തുടങ്ങിവെച്ച ഉച്ചഭക്ഷണ സംവിധാനം ഇപ്പോൾ ഹൈസ്കൂൾ തലത്തിലേക്കും വ്യാപിച്ചിരിക്കുകയാണല്ലോ. ഭക്ഷണം പാചകം ചെയ്യുന്നതിലെ ശുചിത്വബോധം, ഭക്ഷണത്തിന്റെ രുചി എന്നിവ അധ്യാപകർ പരിശോധിച്ച് തൃപ്തിപ്പെടണമെന്നും അതിനായി ഉച്ചഭക്ഷണച്ചുമതലയുള്ള അധ്യാപകർ ഭക്ഷണം രുചിച്ചുനോക്കിയശേഷമേ കുട്ടികൾക്ക് നൽകാവൂ എന്നും ആദ്യകാലങ്ങളിൽ പ്രത്യേകം നിർദേശിക്കപ്പെട്ടിരുന്നു.*

*പ്രസ്തുത നിർദേശത്തെ സമർഥമായി ഉപയോഗപ്പെടുത്തി മിക്ക വിദ്യാലയങ്ങളിലെയും ധാരാളം അധ്യാപകർ, കുട്ടികളുടെ ഉച്ചഭക്ഷണ വിഹിതം കഴിച്ച് ഒരു നേരത്തെ ആഹാരം ലാഭിക്കുന്നതായി കാണുന്നു. കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനു മുമ്പ് തങ്ങളുടെ 'ഭക്ഷണവിഹിതം' പ്രത്യേകം മാറ്റിവെക്കുന്നവരുമുണ്ട്.*

*വെറുതെ ബാക്കിയാക്കി കളയുന്നതല്ലേ കഴിക്കുന്നത്- അതിലെന്താണ് തെറ്റ് എന്നിങ്ങനെ ന്യായങ്ങൾ നിരത്തി വിശ്വാസികളായ അധ്യാപകർ പോലും യാതൊരു ശങ്കയുമില്ലാതെ പാവപ്പെട്ട കുട്ടികളുടെ ഉച്ചഭക്ഷണവിഹിതം വർഷങ്ങളായി കഴിച്ചുവരുന്നു. കുട്ടികളുടേത് മാത്രമായ പ്രത്യേകാവകാശം ദുരുപയോഗം ചെയ്യുന്നത് ഹറാമാണ് എന്ന് ശക്തിയുക്തം വാദിക്കുന്ന അധ്യാപകരുമുണ്ട്. നല്ല ലക്ഷ്യത്തോടെ നൽകപ്പെടുന്ന മഹത്തായ ഈ അന്നദാനപദ്ധതി, നല്ലൊരു തുക ശമ്പളം പറ്റുന്ന അധ്യാപകർ ദുരുപയോഗം ചെയ്യുന്നത് അനീതിയല്ലേ? വിശ്വാസികളായ അധ്യാപകർ ഇക്കാര്യത്തിൽ എന്തു നിലപാടാണ് സ്വീകരിക്കേണ്ടത്?*

***എം.എം മുബാറക് പാലക്കാട്***

**ക്ഷ**ണിക്കപ്പെടാത്ത സദ്യകളിൽ പങ്കെടുക്കുകയോ വീടുകളിൽ കയറി ഭക്ഷണം ചോദിച്ചുവാങ്ങുകയോ ചെയ്യുന്നതുപോലും മാന്യതയോ മര്യാദയോ അല്ലെന്ന് പഠിപ്പിച്ച മതമാണ് ഇസ്‌ലാം. ആ മതത്തിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവർ എങ്ങനെയാണ് സ്കൂൾ കുട്ടികൾക്ക് മാത്രമായി സർക്കാർ അനുവദിച്ച ഭക്ഷണത്തിൽ കൈയിട്ട് വാരുക? ഭക്ഷണം ബാക്കിവരാതെ സൂക്ഷിക്കേണ്ടത് പ്രധാനാധ്യാപകന്റെയും പി.ടി.എയുടെയും ചുമതലയാണ്. അല്ലാതെ മനഃപൂർവം ബാക്കിവരുത്താൻ അനുവദിച്ച് അധ്യാപകരെ തീറ്റുന്നത് അധികാര ദുർവിനിയോഗവും അഴിമതിയുമാണ്. അന്യായമായ മുതൽ എത്ര കുറച്ചാണെങ്കിലും എത്ര നിസ്സാരമായാലും അനുഭവിക്കാൻ പാടില്ലെന്നതാണ് ഇസ്‌ലാമിന്റെ ശാസന. 'കോഴിമുട്ട മോഷ്ടിച്ചതിന്റെ പേരിൽ കൈമുറിക്കപ്പെടുന്ന കള്ളൻ അഭിശപ്തനാണ്' എന്ന് നബി(സ) പറയുകയുണ്ടായിട്ടുണ്ട്. വിശ്വാസികൾ സത്യസന്ധതയിലും മാന്യതയിലും മറ്റുള്ളവർക്ക് മാതൃകയാകേണ്ടവരും തെറ്റ് ചെയ്യുന്നവരെ തിരുത്തേണ്ടവരുമാണ്. അവർ തെറ്റിന് മാതൃകയായാൽ ഇരട്ട കുറ്റമാവും. പ്രാരാബ്ധങ്ങളുടെ പരിഹാരം തരംതാണ അപഹരണങ്ങളല്ല; അച്ചടക്കപൂർണമായ ജീവിതവും വ്യയ നിയന്ത്രണവുമാണ്.

## പ്രബോധനം ആത്മവഞ്ചന?

■ *"പ്രബോധനം മുഖ്യലക്ഷ്യമായി രൂപം കൊണ്ട ഒരു പ്രസ്ഥാനം അതിന്റെ മൊത്തം പ്രവർത്തനത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പ്രബോധന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുള്ളൂ. അവരുടെ പ്രസിദ്ധീകരണങ്ങളിൽ അമുസ്‌ലിംകളെ ലക്ഷ്യം വെച്ചുള്ളവ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ്. നവ മുസ്‌ലിംകൾക്കായി സ്ഥാപിച്ച പൊന്നാനിയിലും കോഴിക്കോട്ടുമുള്ള കേന്ദ്രങ്ങളിൽ വരുന്നവരിൽ ഇവരുടെ ശ്രമഫലമായിട്ടുള്ളവർ നന്നേ കുറവ്. ചുരുക്കത്തിൽ സംസ്ഥാനത്തും ദേശീയതലത്തിലും അവർ നടത്തുന്നത് ആത്മവഞ്ചനയാണ്." ഈയിടെ എൻ.ഡി.എഫിന്റെ സംസ്ഥാന നേതാക്കൾ പങ്കെടുത്ത ഒരു മുഖാമുഖം പരിപാടിയിൽ പ്രഫ. പി. കോയ പറഞ്ഞതാണിത്. ദഅ്‌വത്ത് സംബന്ധമായ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ജമാഅത്തെ ഇസ്‌ലാമിയെ പരാമർശിച്ചായിരുന്നു ഈ വിമർശം.*

*പ്രസ്ഥാനത്തിന്റെ മുഖ്യപ്രവർത്തനത്തെ ചോദ്യം ചെയ്യുന്ന ഈ പരാമർശത്തെക്കുറിച്ച് എന്താണഭിപ്രായം?*

***എം.പി അബ്ദുൽ അസീസ്, ജിദ്ദ***

**ഇ**ഖാമത്തുദ്ദീൻ (ദീനിന്റെ സംസ്ഥാപനം) ലക്ഷ്യമാക്കിയ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മൂന്ന് മുഖ്യ അജണ്ടകളിൽ ഒന്നാണ് ദഅ്‌വത്ത് (പ്രബോധനം). മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണവും പ്രവർത്തകരുടെ തർബിയത്തുമാണ് മറ്റു രണ്ട് കാര്യങ്ങൾ. വിഭജനാനന്തര, സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രത്യേക സാഹചര്യങ്ങളിൽ നിരാശരും പീഡിതരുമായ മുസ്‌ലിം സമൂഹത്തെ ആദർശപരമായും കർമപരമായും ഉദ്ധരിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നതുകൊണ്ട് ദഅ്‌വത്തിന് അർഹമായ പരിഗണന നൽകാൻ പ്രസ്ഥാനത്തിന് സാധിക്കാതെ വന്നു. തുടർന്നും നിരന്തരം ആവർത്തിച്ച വർഗീയ കലാപങ്ങളും സമുദായത്തിലെത്തന്നെ നിഷേധാത്മകമായ പ്രവണതകളും ദഅ്‌വത്തിന്റെ മാർഗത്തിൽ കടുത്ത പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. എങ്കിലും തൊണ്ണൂറുകളുടെ തുടക്കം മുതൽ ജമാഅത്തിന്റെ പോളിസി-പ്രോഗ്രാമിൽ പ്രബോധനം അജണ്ടയിലെ മുഖ്യ ഇനമായി.

ദഅ്‌വത്ത് ഫലപ്രദമായി നിർവഹിക്കണമെങ്കിൽ രാജ്യത്ത് സാമുദായിക സൗഹാർദം പുലരുകയും മുസ്‌ലിം-അമുസ്‌ലിം ബന്ധങ്ങൾ സാധാരണ നിലയിലാവുകയും വേണം. അതിനാൽ അതിനുതകുന്ന പരിപാടികൾക്ക് പ്രസ്ഥാനം മുന്തിയ പ്രാധാന്യം നൽകുന്നു. തുടക്കം മുതൽക്കേ ശ്രദ്ധയൂന്നിയ മറ്റൊരു രംഗം വിശുദ്ധ ഖുർആനും നബിചര്യയും ഇസ്‌ലാമിന്റെ അധ്യാപനങ്ങളും ഹിന്ദിയിലും മറ്റു പ്രാദേശിക ഭാഷകളിലും പ്രസിദ്ധീകരിക്കുകയും പരമാവധി പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ ജമാഅത്ത് നിറവേറ്റിക്കൊണ്ടിരിക്കുന്ന സേവനം മറ്റൊരു സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മതങ്ങൾക്കിടയിലെ ഡയലോഗ്, സർവമത സെമിനാറുകൾ, വ്യക്തിസമ്പർക്കങ്ങൾ, പോസ്റ്റൽ ലൈബ്രറികൾ പോലുള്ള പലവിധ പരിപാടികളിലൂടെ പ്രബോധനയത്നങ്ങൾ വിപുലീകരിക്കാനും സാധിച്ചിട്ടുണ്ട്. തദ്ഫലമായി ഇസ്‌ലാമിനെ നന്നായി മനസ്സിലാക്കുകയും തങ്ങൾക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന അമുസ്‌ലിംകളുടെ എണ്ണം ഗണ്യമായി വർധിച്ചിരിക്കുന്നു. സന്മാർഗത്തിൽ അണിനിരക്കാൻ അവസരം ലഭിച്ച സൗഭാഗ്യവാന്മാരുടെ എണ്ണവും കുറവല്ല. എന്നാൽ കിട്ടുന്നവരെയൊക്കെ പ്രലോഭനങ്ങളിലൂടെയോ തെറ്റിദ്ധരിപ്പിച്ചോ മതപരിവർത്തന കേന്ദ്രങ്ങളിലേക്ക് ആട്ടിത്തെളിച്ച് ഗ്രാഫ് പെരുപ്പിക്കുന്ന ശൈലി ജമാഅത്തെ ഇസ്‌ലാമിക്കില്ല. സമീപകാലത്തായി കണ്ടുവരുന്ന സായുധ പ്രതിരോധ-തീവ്രവാദപ്രവണതകളാകട്ടെ, പ്രബോധനമാർഗത്തിൽ വൻ തടസ്സങ്ങൾ വലിച്ചിടുന്നുണ്ടു താനും. ■